പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1601

12.06.2019-ൽ മറുപടിക്ക്

## പദ്ധതി നിർവഹണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.വി.വിജയദാസ്<br>,, എസ്.രാജേന്ദ്രൻ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) 2018-19 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിനിർവഹണത്തിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ; എത്ര സ്ഥാപനങ്ങൾ മുഴുവൻ തുകയും വിനിയോഗിക്കുന്നതിൽ വിജയിച്ചെന്ന് അറിയിക്കാമോ; മുൻ സർക്കാരിന്റെ അവസാന വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് എത്ര ശതമാനമായിരുന്നു; വ്യക്തമാക്കുമോ; | എ) 2018-19 വർഷത്തിൽ ആകെയുള്ള 1200 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 1147 സ്ഥാപനങ്ങൾ 2019 മാർച്ച് 31 നകവും ബാക്കിയുള്ളവ ഏപ്രിൽ 25 നകവും പദ്ധതികൾക്ക് അംഗീകാരം നേടുകയുണ്ടായി. ഇതുവഴി പദ്ധതി നിർവ്വഹണത്തിന് 12 മാസം സമയം ലഭിച്ചതിനാൽ പ്രോജക്ടുകളുടെ ഗുണനിലവാരത്തിലും ചെലവിനത്തിലും കാര്യക്ഷമത കൈവരിക്കാൻ കഴിഞ്ഞു. 2019 മാർച്ച് 31 വരെയുള്ള പദ്ധതി ചെലവ് 84.66 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിക്കപ്പെട്ട ക്യൂബില്ലുകളുടെ തുക കൂടി ചേർത്താൽ 93 ശതമാനമാണ് പദ്ധതി ചെലവ്. 267 തദ്ദേശ ഭരണ സ്ഥാപനങ്ങൾ 100 ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചു.<br><br>പ്രളയക്കെടുതിയെ അതിജീവിച്ച് 2018-19 വർഷം ഗ്രാമപഞ്ചായത്തുകൾ 88.56% ഉം ജില്ലാപഞ്ചായത്തുകൾ 80.64% ഉം പദ്ധതി പുരോഗതി നേടിയിട്ടുണ്ട്. പെൻഡിംഗ് ബില്ലുകൾ കൂടി കണക്കിലെടുക്കുമ്പോൾ ഇത് യഥാക്രമം 95.03% ഉം 91.32 % ആയി ഉയരും. (മുൻ വർഷം ഇത് യഥാക്രമം 94.09% ഉം 78.7% ഉം ആയിരുന്നു.) ആയതിനാൽ തന്നെ മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം മെച്ചപ്പെട്ടിട്ടുണ്ട്. 45 ഗ്രാമപഞ്ചായത്തുകൾ നൂറ് ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. (വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു) പെൻഡിംഗ് ബില്ലുകൾ കൂടി |

കണക്കിലെടുക്കുമ്പോൾ ഇവയുടെ എണ്ണം 203 ആകും. മുൻ സർക്കാരിന്റെ അവസാന വർഷം (2015-16 സാമ്പത്തിക വർഷം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 73.61% ആയിരുന്നു.

2018-19 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തുകൾ 89.32% പദ്ധതി ചെലവ് കൈവരിച്ചിട്ടുണ്ട്. 20 ബ്ലോക്ക് പഞ്ചായത്തുകൾ 100% തുകയും ചെലവഴിച്ചിരുന്നു. വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. മുൻ സർക്കാരിന്റെ അവസാന വർഷം പദ്ധതി ചെലവ് 85.27% ആയിരുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷനുകൾ 70.32% വും മുനിസിപ്പാലിറ്റികൾ 81.68% വും പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. മുക്കം നഗരസഭ 100% പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്.
മുൻ സർക്കാരിന്റെ അവസാന വർഷം നഗരസഭകളിലെ പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു.

2015-16

കോർപ്പറേഷൻ - 51.14%
മുനിസിപ്പാലിറ്റി - 68.64%

ബി) ആസൂത്രണ പ്രക്രിയയിൽ സ്ത്രീശാക്തീകരണത്തിനും കാർഷികരംഗത്തെ വികസനത്തിനും പ്രത്യേക ഊന്നൽ നൽകിയിരുന്നോ;

ബി) നൽകിയിരുന്നു. ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 30 ശതമാനത്തിൽ കുറയാതെയും നഗരസഭകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 10 ശതമാനത്തിൽ കുറയാതെയും കാർഷിക മേഖല ഉൾപ്പെടുന്ന ഉദ്പാദന മേഖലയ്ക്കായി വകയിരുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. അതുപോലെ എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 10 ശതമാനത്തിൽ കുറയാതെയുള്ള തുക വനിതാ വികസനത്തിന് വകയിരുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. കാർഷിക മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച നവകേരളം കർമ്മ പദ്ധതിയുടെ നാല് മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും സ്ത്രീ ശാക്തീകരണത്തിനായി ജന്റർ ബജറ്റിംഗ്, ജന്റർ ഡെസ്ക്, ജാഗ്രതാ സമിതികൾ, ഷീലോഡ്ജിംഗ്,

കുടുംബശ്രീ പദ്ധതികൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 10 ശതമാനം വനിത ഘടക പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി വകയിരുത്തുന്നതിനും, കാർഷികരംഗത്തെ വികസനത്തിനായി പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവുംകുറഞ്ഞത് 30 ശതമാനമെങ്കിലും തുക വകയിരുത്തുന്നതിനും നിർദേശമുണ്ട്. സാമൂഹ്യനീതിമുറുകെ പിടിക്കുന്ന, പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന തുടർച്ചാ സാധ്യതയുള്ള സാമ്പത്തികവളർച്ചയുടെ ഉയർന്നതലത്തിലേക്ക് കേരളത്തെ എത്തിക്കുക എന്നതാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യം.

സി) നടപ്പ് വർഷത്തെ ആസൂത്രണപ്രക്രിയ പൂർത്തിയായിട്ടുണ്ടോ; വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണംചെയ്തിരിക്കുന്ന പദ്ധതികൾ കേരള പുനർനിർമ്മാണ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ അനുയോജ്യമായ രീതിയിലാണോ; വിശദീകരിക്കുമോ;

സി) ഉണ്ട്. മഹാപ്രളയം നൽകിയ പാഠങ്ങൾ ഉൾക്കൊണ്ട് കൊണ്ട് പുതിയകേരളം എന്ന ലക്ഷ്യം നേടിയെടുക്കത്തക്ക നിലയിൽ ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയാണ് പദ്ധതികൾ തയ്യാറാക്കുന്നത്.

പദ്ധതി നിർവ്വഹണത്തിൽ ഉൾപ്പെടുത്തി കേരള പുനർനിർമ്മാണം സാധ്യമാകുന്ന നിരവധി പ്രോജക്ടുകൾ നിർവ്വഹണം നടത്തി വരുന്നുണ്ട്.

ഡി) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം മന്ദഗതിയിലായ പദ്ധതി നിർവഹണം ദ്രുതഗതിയിലാക്കാൻ സഹായകരമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഡി) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം മന്ദഗതിയിലായ പദ്ധതി നിർവഹണം ദ്രുതഗതിയിലാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ട പൊതു നിർദ്ദേശങ്ങൾ നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ മേഖലാതല യോഗങ്ങൾ സർക്കാർ നടത്തി വരുന്നു. പദ്ധതി നിർവ്വഹണം ദ്രുതഗതിയിലാക്കാനും കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഈ യോഗങ്ങളിൽ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം I

## Gramapanchayats (45) with 100% Plan progress -2018-19

| Sl No | LocalBody | District | Budget | Expenditure | Expenditure % |
|---|---|---|---|---|---|
| 1 | Thuneri | Kozhikode | 1.98 | 2.13 | 107.58 |
| 2 | Poomangalam | Thrissur | 1.89 | 1.95 | 103.17 |
| 3 | Oachira | Kollam | 3.21 | 3.23 | 100.62 |
| 4 | Pananchery | Thrissur | 9.11 | 9.16 | 100.55 |
| 5 | Chekkiad | Kozhikode | 2.13 | 2.14 | 100.47 |
| 6 | Kuttikol | Kasargod | 4.24 | 4.26 | 100.47 |
| 7 | Piravanthur | Kollam | 7.12 | 7.13 | 100.14 |
| 8 | Aimanam | Kottayam | 3.54 | 3.54 | 100.00 |
| 9 | Alathur | Palakkad | 3.18 | 3.18 | 100.00 |
| 10 | Arakulam | Idukki | 4.63 | 4.63 | 100.00 |
| 11 | Arakuzha | Ernakulam | 1.81 | 1.81 | 100.00 |
| 12 | Chennampallippuram | Alappuzha | 3.97 | 3.97 | 100.00 |
| 13 | Eramam Kuttoor | Kannur | 3.16 | 3.16 | 100.00 |
| 14 | Kadampazhipuram | Palakkad | 3.48 | 3.48 | 100.00 |
| 15 | Kadanad | Kottayam | 2.29 | 2.29 | 100.00 |
| 16 | Kangole Alapadamba | Kannur | 2.15 | 2.15 | 100.00 |
| 17 | Kannadi | Palakkad | 3.53 | 3.53 | 100.00 |
| 18 | Karavaloor | Kollam | 3.22 | 3.22 | 100.00 |
| 19 | Karivellur Peralam | Kannur | 2.06 | 2.06 | 100.00 |

| | | | | | |
|---|---|---|---|---|---|
| **20** | Kottur | Kozhikode | 4.23 | 4.23 | 100.00 |
| **21** | Kundara | Kollam | 2.03 | 2.03 | 100.00 |
| **22** | Kuravilangad | Kottayam | 1.98 | 1.98 | 100.00 |
| **23** | Madakkathara | Thrissur | 2.98 | 2.98 | 100.00 |
| **24** | Makkaraparamba | Malappuram | 1.64 | 1.64 | 100.00 |
| **25** | Mangattidam | Kannur | 2.83 | 2.83 | 100.00 |
| **26** | Marady | Ernakulam | 1.60 | 1.60 | 100.00 |
| **27** | Marangattupally | Kottayam | 2.15 | 2.15 | 100.00 |
| **28** | Mookkannur | Ernakulam | 2.03 | 2.03 | 100.00 |
| **29** | Mulumthuruthy | Ernakulam | 2.81 | 2.81 | 100.00 |
| **30** | Muttom | Idukki | 1.62 | 1.62 | 100.00 |
| **31** | Padiyur kalliad | Kannur | 2.70 | 2.70 | 100.00 |
| **32** | Panangad | Kozhikode | 4.64 | 4.64 | 100.00 |
| **33** | Pothanikkad | Ernakulam | 1.14 | 1.14 | 100.00 |
| **34** | Ramanthali | Kannur | 2.63 | 2.63 | 100.00 |
| **35** | Sree Narayanapuram | Thrissur | 4.67 | 4.67 | 100.00 |
| **36** | Thaicattussery | Alappuzha | 2.76 | 2.76 | 100.00 |
| **37** | Thanneermukkam | Alappuzha | 4.40 | 4.40 | 100.00 |
| **38** | Thirumarady | Ernakulam | 2.10 | 2.10 | 100.00 |
| **39** | Uzhavoor | Kottayam | 1.82 | 1.82 | 100.00 |
| **40** | Vadakkekara | Ernakulam | 3.41 | 3.41 | 100.00 |
| **41** | Valakom | Ernakulam | 1.88 | 1.88 | 100.00 |

| | | | | | |
|---|---|---|---|---|---|
| **42** | Veliyam | Kollam | 4.69 | 4.69 | 100.00 |
| **43** | Velliyamattom | Idukki | 3.64 | 3.64 | 100.00 |
| **44** | Velukara | Thrissur | 3.54 | 3.54 | 100.00 |
| **45** | Vilappil | Thiruvananthapuram | 4.64 | 4.64 | 100.00 |

Renuka.
സെക്ഷൻ ഓഫീസർ

അനുബന്ധം II



**Blockwise (Descending)Expenditure of the Development fund of the Block Panchayat as on 01.04.2019**

*Rs in lakhs*

| Sl no | Block Name | District Name | Allocation | Expenditure | Percentage |
|---|---|---|---|---|---|
| 1 | Palluruthy | Ernakulam | 286.27 | 286.27 | 100.00 |
| 2 | Thaliparamba | Kannur | 765.55 | 765.55 | 100.00 |
| 3 | Nedumangad | Thiruvananthapuram | 575.34 | 575.34 | 100.00 |
| 4 | Perumpadappu | Malappuram | 354.83 | 354.83 | 100.00 |
| 5 | Vadakara | Kozhikode | 240.98 | 240.98 | 100.00 |
| 6 | Malampuzha | Palakkad | 749.94 | 749.94 | 100.00 |
| 7 | Koothuparamba | Kannur | 373.26 | 373.26 | 100.00 |
| 8 | Panoor | Kannur | 276.58 | 276.58 | 100.00 |
| 9 | Kalliasseri | Kannur | 481.32 | 481.32 | 100.00 |
| 10 | Kozhikkode | Kozhikode | 359.54 | 359.54 | 100.00 |
| 11 | Pattambi | Palakkad | 646.79 | 646.79 | 100.00 |
| 12 | Alathur | Palakkad | 851.15 | 851.15 | 100.00 |
| 13 | Mavelikkara | Alappuzha | 555.76 | 555.76 | 100.00 |
| 14 | Pothencode | Thiruvananthapuram | 622.69 | 622.69 | 100.00 |
| 15 | Paravur | Ernakulam | 427.47 | 427.47 | 100.00 |
| 16 | Karadka | Kasargod | 586.78 | 586.78 | 100.00 |
| 17 | Payyannur | Kannur | 510.38 | 510.38 | 100.00 |
| 18 | Thrithala | Palakkad | 656.84 | 656.84 | 100.00 |
| 19 | Lalam | Kottayam | 322.05 | 322.05 | 100.00 |
| 20 | Kuzhalmannam | Palakkad | 743.2 | 743.2 | 100.00 |
| 21 | Thuneri | Kozhikode | 405.74 | 405.47 | 99.93 |
| 22 | Mukhathala | Kollam | 724.39 | 722.84 | 99.79 |
| 23 | Sreekrishnapuram | Palakkad | 540.54 | 539.07 | 99.73 |
| 24 | Iritty | Kannur | 549.35 | 547.09 | 99.59 |
| 25 | Oachira | Kollam | 601.98 | 598.06 | 99.35 |

സെക്ഷൻ ഓഫീസർ